പശ്ചിമഘട്ടം:
സംഭാഷണം

മണ്ണിന്റെ മേൽ വിഷബീജങ്ങൾ വിതറുന്ന 'പുരോഗതിക്ക്' നേരെയുള്ള കലാപമാണ് ജൈവകർഷകനായ കെ.വി. ദയാലിന്റെ ജീവിതം. രചനാത്മകമായ ആ സമരത്തെ ജീവതം തന്നെയാക്കിമാറ്റിയ അദ്ദേഹം ജൈവകൃഷിയിലൂടെ മണ്ണിന്റെ ഹൃദയത്തിൽ തൊട്ടുകൊണ്ട് ഊർവ്വരതകളിലേക്ക് അതിനെ തിരികെകൊണ്ടുവരുന്നു. ശുദ്ധമായ ഭക്ഷണം എല്ലാ ജീവജാലങ്ങളുടെയും അവകാശമാണെന്ന് വിശ്വസിക്കുന്ന അദ്ദേഹം കൃഷിയിൽ കാടിനുള്ള പങ്കിനെ തിരിച്ചറിയുന്ന പരിസ്ഥിതി പ്രവർത്തകൻ കൂടിയാണ്. സ്വന്തമായൊരു കാട് കൃഷിയിടത്തിൽ സൂക്ഷിക്കുന്ന ദയാലണ്ണൻ പശ്ചിമഘട്ടത്തെയും കൃഷിയേയും കുറിച്ച് സംസാരിക്കുന്നു.

കെ.വി. ദയാൽ / കേരളീയം

**കാടിനെ പകർത്തലാണ് കൃഷിയെന്ന് പറയാറുണ്ടല്ലോ. എന്താണ് കാടും കൃഷിയും തമ്മിലുള്ള ബന്ധം? ആ ബന്ധം തുടരാൻ നമുക്ക് കഴിയുന്നുണ്ടോ?**

കാടില്ലെങ്കിൽ കൃഷിയില്ല. ഭൂമിയിൽ രണ്ടിടങ്ങളിൽ മാത്രമെ മനുഷ്യന് കൃഷി ചെയ്യാൻ കഴിയൂ, കാട് നിന്നിരുന്ന സ്ഥലത്തോ അല്ലെങ്കിൽ കാട് ഒഴുക്കിക്കൊണ്ട് വന്ന എക്കൽ അടിയുന്നിടത്തോ കൃഷി ചെയ്യാം. കാട് ശേഖരിച്ചു വയ്ക്കുന്ന എക്കൽ അത് ആണ്ടുതോറും അത് സമതലങ്ങളിലേക്ക് ഒഴുക്കിത്തരുന്നുണ്ട്. അത് ഒരു സുസ്ഥിര പരിപാടിയാണ്. കാട് നിലനിൽക്കുന്നിടത്തോളം കാലം എക്കൽ വന്നുകൊണ്ടേയിരിക്കും. ആ എക്കൽ കൃഷിക്കായി ഉപയോഗിക്കാം. കാടാണ് നിർമ്മാണ കേന്ദ്രം. കാട്ടിൽ വീഴുന്ന സൂര്യപ്രകാശത്തെയെല്ലാം അത് ആവാഹിച്ചെടുത്ത് മണ്ണിൽ സൂക്ഷിക്കുന്നുണ്ട്. ശരിക്കും നിർമ്മിതി നടക്കുന്നത് അവിടെയാണ്. അങ്ങനെ സൂക്ഷിച്ചുവയ്ക്കുന്നതാണ് എക്കലായി ഒഴുകിയെത്തുന്നത്. അത് പുനർനിർമ്മാണ പ്രക്രിയയാണ്. കൃഷി നിർമ്മാണ മേഖലയായാണ് നമ്മൾ പറയാറുള്ളത്. പക്ഷെ ശരിക്കും കൃഷി പുനർനിർമ്മാണമാണ്. കാടാണ് നിർമ്മാണ മേഖല. നിർമ്മാണ പ്രവർത്തനം ഇല്ലാതെയായാൽ പുനർനിർമ്മാണം നടക്കില്ല. അപ്പോൾ കാട് പോയാൽ കൃഷിയും പോകും. കാടാണ് ശരിക്കും ഭക്ഷ്യനിർമ്മിതിയുടെ കേന്ദ്രസ്ഥാനം.

കാട്ടിൽ നിന്നും വരുന്ന എക്കലെടുത്താണ് പണ്ട് മനുഷ്യർ കൃഷി ചെയ്തിരുന്നത്. കൃഷിയിടത്തിലേക്കുള്ള ജൈവനിക്ഷേപം കാട്ടിൽ നിന്നും വന്നുകൊണ്ടേയിരിക്കും. കൃഷിക്ക് ആവശ്യമായ വെള്ളവും കാട്ടിൽ നിന്നാണ് വരുന്നത്. ഇപ്പോൾ കൃഷി നടക്കുന്നിടമെല്ലാം പണ്ട് കാട് സമ്പന്നമാക്കിയ സ്ഥലങ്ങളാണ്. ഓരോ ദിവസം കഴിയും തോറും മണ്ണ് ശോഷിച്ചുകൊണ്ടേയിരിക്കും. കാട്ടിൽ നിന്നും വരുന്ന എക്കലാണ് പിന്നീടതിനെ സമ്പന്നമാക്കുന്നത്. നിലനിൽക്കുന്ന കൃഷി വേണമെങ്കിൽ കാടും നിലനിൽക്കണം. അങ്ങനെയുള്ള കൃഷി രീതിയിൽ നിന്നും പിന്തിരിഞ്ഞതോടെയാണ് കാടിനോടുള്ള ബന്ധം കുറഞ്ഞതും കാട് നശിപ്പാക്കാൻ തുടങ്ങിയതും.

# കാട് പോയാൽ കൃഷിയും പോകും

**കാട് വെട്ടിത്തെളിച്ചതുകൊണ്ടാണല്ലോ ഇത്രയും കൃഷിയിടമുണ്ടാക്കാൻ കഴിഞ്ഞത്?**

അത് ശരിയാണ്. ഇനിയുള്ള കാട് നിലനിർത്തേണ്ടതിന്റെ പ്രാധാന്യം കൂടുന്നതും അതുകൊണ്ടാണ്. കൃഷിയിടത്തിൽ കാടിന്റ ഒരു ചെറിയ പതിപ്പ് സൂക്ഷിക്കാൻ നമുക്ക് കഴിയണം. അതാണ് കാവുകളുടെ പ്രസക്തി. എല്ലാ ജീവജാലങ്ങൾക്കും ചേക്കേറാനും കൂടുകൂട്ടാനും വംശവർദ്ധനവ് നടത്താനും ഒരിടം. എല്ലാ സസ്യജാലങ്ങൾക്കും ജീവിക്കാൻ ഒരിടം. കൃഷിയിടത്തെ അത് സമ്പന്നമാക്കും. ചെറിയ കൃഷിയിടങ്ങളിൽ കഴിയണമെന്നില്ല. എന്നാൽ വലിയ കൃഷിയിടങ്ങളിൽ ഉറപ്പായും കാട് നിലനിർത്തണം.

**വനശോഷണം കൃഷിയെ ഏതെല്ലാം വിധത്തിലാണ് ബാധിച്ചത്?**

കാട് കുറഞ്ഞത് മാത്രമല്ല. കാട്ടിൽ നിന്നും വരുന്ന എക്കൽ ഡാം കെട്ടിത്തടുത്തതും കൃഷിയെ ബാധിച്ചിട്ടുണ്ട്. കുട്ടനാടൻ കൃഷി പൂർണ്ണമായും എക്കലിനെ ആശ്രയിച്ചുള്ള കൃഷിയായിരുന്നു. എക്കലിന്റെ വരവ് കുറഞ്ഞതോടെയാണ് രാസവളത്തേയും കീടനാശിനിയേയും കുട്ടനാട്ടുകാർക്ക് ആശ്രയിക്കേണ്ടിവന്നത്. കാട്ടിൽ നിന്നും വരുന്ന ആറ്റുള എന്ന പുതിയ എക്കൽ പുഴയിൽ നിന്നും എടുത്തുകൊണ്ടുപോയി പാടത്ത് എറിയുന്ന പതിവുണ്ടായിരുന്നു. വെള്ളപ്പൊക്കത്തിനൊപ്പം താനെ വന്ന് കയറുകയും ചെയ്യുമായിരുന്നു. വളത്തിന് വേണ്ടി കൃഷി ഓഫീസിൽ പോകേണ്ട കാര്യമില്ലായിരുന്നു.

പുഴിയിൽ നിന്നും ആറ്റുള കോരിയെടുക്കുന്നതിന് പ്രത്യേകം വൈദഗ്ധ്യമുള്ള ആളുകളുണ്ടായിരുന്നു. കാടിന് ശോഷണം സംഭവിക്കുന്നതുകൊണ്ട് കഴിഞ്ഞ 15 വർഷമായി ആറ്റുളയുടെ വരവ് കുറഞ്ഞു. വരുന്നതിന്റെ ഗുണവും കുറഞ്ഞിട്ടുണ്ട്. കാട്ടിൽ നിന്നും വരുന്ന മൈക്രോഎലമെന്റ്സ് മുഴുവൻ ആറ്റുളയിലുണ്ടാകും. പുഴയിൽ നിന്നും എടുക്കാതിരുന്നാൽ അത് അവിടെക്കിടന്ന് അസിഡിക് ആകും. അതുകൊണ്ട് വരുന്ന ആറ്റുള വള്ളത്തിൽ പോയി കോരിയെടുക്കുക എന്നത് വളരെ ജൈവികമായ ഒരു പ്രക്രിയയായി നടന്നിരുന്നു.

കുട്ടനാടൻ കൃഷിയുടെ വിജയവും അതായിരുന്നു. മഴയത്ത് കലക്കലിനൊപ്പം മലമട്ട് (ആറ്റുള) പുഴയിലേക്കെത്തി എന്ന് അറിയുന്ന ദിവസം കുട്ടനാട്ടിലെ കർഷകർക്ക് ഉത്സവമായിരുന്നു.

**അപ്പോൾ കുടിയേറ്റക്കാർക്ക് കാടിന്റെ ആനുകൂല്യം എടുക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്, അവരുടെ കൃഷിയിടത്തോട് ചേർന്ന് കാടുണ്ടായിട്ടും?**

കാടിനെ മനസിലാക്കാനോ പഠിക്കാനോ തയ്യാറാകാത്തതുകൊണ്ടാണ്. എന്റെ അഭിപ്രായത്തിൽ ഏത് കാടിനുള്ളിലും മനുഷ്യന് താമസിക്കാം. എന്നാൽ താമസിക്കേണ്ടത് പോലെ താമസിക്കണം. കാടിനെ പരിപോഷിപ്പിക്കുന്ന തരത്തിൽ ജീവിക്കണം. കാടിനോട് ചേർന്ന് കൃഷി ചെയ്യുന്ന മിക്കവരും കാട് തീയിട്ടാണ് കൃഷി ചെയ്യുന്നത്. കാട് കത്തിക്കഴിഞ്ഞാൽ അവിടെ നിന്നും ഒഴുകി വരുന്ന ചാരം വലിയ വളമാണെന്നാണ് പലരുടെയും ധാരണ. തീയിടുന്നതുകൊണ്ടാണ് കാട്ടുതീയുണ്ടാകുന്നത്. കാട്ടുതീയുണ്ടാക്കുന്ന നഷ്ടം തിരിച്ചുപിടിക്കാൻ കഴിയാത്തതാണ്. ശരിക്കും പൊന്മുട്ടയിടുന്ന താറാവിനെ കൊന്ന് മുട്ടയെടുക്കുന്നതുപോലെയാണ് കാട് കത്തിക്കുന്ന പരിപാടി. അറിവില്ലാത്ത കാലത്താണല്ലോ നാം കൃഷി തുടങ്ങിയത്. അന്ന് ചെയ്തിരുന്ന അറിവില്ലായ്മകൾ തിരുത്തേണ്ട കാലമാണിത്.

കുടിയേറ്റക്കാർ കാടിനെ കൃഷിക്ക് പ്രതികൂലമായി നിൽക്കുന്ന ഒന്നായാണ് കാണുന്നത്. അതുകൊണ്ടാണ് കാട് വെട്ടിത്തെളിക്കുന്നത്. കാട് നിലനിർത്തിയാൽ മൃഗങ്ങൾ വരും, മൃഗങ്ങൾ കൃഷി നശിപ്പിക്കും. ഇതെല്ലാമാണ് അവരുടെ പ്രശ്നം. അതിനൊന്നും കാട് വെട്ടിനശിപ്പിക്കലല്ല പരിഹാരം. കാട് കയ്യേറിയവർ മണ്ണും ജലവും ജൈവവൈവിധ്യവും സംരക്ഷിച്ചുകൊണ്ട് അവിടെ ജീവിക്കേണ്ടതായിരുന്നു. മനുഷ്യന്റെ സാന്നിധ്യം ഭൂപ്രകൃതിക്ക് ഗുണമാണുണ്ടാകേണ്ടത്. മനുഷ്യന് അങ്ങനെ ജീവിക്കാൻ കഴിയും. സമതലങ്ങളിലെ മുഴുവൻ ജനങ്ങൾക്കും കുടിക്കാനുള്ള വെള്ളം ഒഴുകിയെത്തുന്ന ഹൈറേഞ്ചിലാണ് തങ്ങൾ കൃഷിചെയ്യുന്നതെന്ന ബോധം അവർക്കില്ലാതെപോയി. അവിടെയുള്ള വെള്ളത്തിൽ വിഷം കലക്കിയാൽ അതിങ്ങ് താഴെയെത്തും. വെള്ളം അവിടെ തടഞ്ഞുവച്ചാൽ അത് താഴേക്ക് എത്തുകയുമില്ല. കേരളം ഒരു വീടാണെങ്കിൽ ഹൈറേഞ്ച് കേരളത്തിന്റെ മേൽക്കൂരയാണ്. മേൽക്കൂര തകർന്നാൽ വീടില്ല.

**പരമ്പരാഗത രീതികൾ നഷ്ടമാകുന്ന ആദിവാസികളുടെ കൃഷി കാടിന് ദോഷം ചെയ്യുന്നതായി പരാതികൾ വരാറുണ്ട്. ആദിവാസികളുടെ കൃഷി സുസ്ഥിരമാക്കാൻ ചില ശ്രമങ്ങൾ ഇടക്കാലത്ത് താങ്കളുടെ മുൻകൈയിൽ നടന്നല്ലോ. അവരെ കൃഷി പഠിപ്പിച്ചിട്ടെന്തായി?**

ആദിവാസികളുടെ കൃഷിയുടെ തീവ്രത വർദ്ധിക്കുന്നുണ്ടെന്നും കാടിന് ദോഷമാകുന്നെന്നും പരാതി വ്യാപകമായ സമയത്താണ് ഇടുക്കി ജില്ലയിൽ നിന്നുള്ള മുതുവാന്മാർക്കും ഇരുളർക്കും ഞങ്ങൾ ട്രെയിനിംഗ് നൽകിയത്. അത്തരത്തിൽ നടക്കുന്ന ആദ്യത്തെ പരീക്ഷണമായിരുന്നു അത്. അവരുടെ ഇടയിൽ നിന്നും കുറച്ചുപേരെ തെരഞ്ഞെടുത്ത് തൃശൂരിൽ എത്തിച്ചായിരുന്നു ട്രെയിനിംഗ്. തിരിച്ചു ചെന്ന് അവർ ആ കൃഷി രീതികൾ അവിടെ വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. പുറത്ത്പോയി കൃഷി പഠിച്ചവർ എന്ന ബഹുമാനവും ആ സെലക്റ്റഡ് ആയ ആളുകൾക്ക് ഊരുകളിൽ കിട്ടി. അതോടെ മറ്റുള്ളവരും അവരുടെ കൃഷിരീതി പിന്തുടർന്നു.

പിന്നീട് പല ആദിവാസികോളനികളിലും നേരിട്ട് പോയി ഞങ്ങൾ കൃഷിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഊരുകളുടെ സ്വഭാവത്തിന് അനുയോജ്യമായ കൃഷി അവരെ പഠിപ്പിച്ചിട്ടുമുണ്ട്. കാട് കത്തിച്ച കൃഷി ചെയ്യുന്ന ശീലം അവർക്കുമുണ്ടായിരുന്നു. വളരെ ചിട്ടയോടെ കൃഷി ചെയ്യുന്ന ശീലവും അവർക്ക് കുറവാണ്. ആദിമവാസികൾ ആയതിനാൽ അലസതയോടെ ഇരിക്കുക എന്ന മനുഷ്യന്റെ അടിസ്ഥാന സ്വഭാവം അവരിൽ തുടരുന്നുണ്ടായിരുന്നു. ആ അലസത വിടാതെയുള്ള കൃഷിയേ അവർ ചെയ്യൂ. ആ സ്വഭാവം മനസിലാക്കിയുള്ള, കാടിന് അനുയോജ്യമായ കൃഷിയാണ് അവരെ പഠിപ്പിച്ചത്.

**എമർജിംഗ് കേരള പോലെ നാം പിന്തുടരുന്ന വികസന**

**കാർട്ടൂൺ** **അഭിലാഷ്**




**നയങ്ങൾ വനഭൂമി വീണ്ടും വ്യവസായങ്ങൾക്കായി വിട്ടുകൊടുക്കണമെന്നാണ് പറയുന്നത്. വ്യവസായി കൂടിയായി താങ്കൾക്ക് എന്താണെന്ന് തോന്നുന്നത്. വ്യവസായത്തിലാണോ നമ്മുടെ ഭാവി?**

കേരളം ഇന്ത്യയിലെ തന്നെ മികച്ച റസിഡൻഷ്യൽ ഏരിയയാണ്. വ്യവസായങ്ങൾ ഇവിടെ പറ്റില്ല. ഭക്ഷണമുണ്ടാക്കാൻ പറ്റിയ സ്ഥലമാണ് കേരളം. ഒരുതരി ഭൂമി വ്യവസായങ്ങൾക്ക് വെറുതെ കൊടുക്കരുത്. ആവശ്യക്കാർ ഭൂമി വാങ്ങണം. അങ്ങനെ വന്നാൽതന്നെ ഭൂമിയുടെ മേലുള്ള ഡിമാന്റ് കുറയും. സുശീലാ ഗോപാലൻ വ്യവസായ മന്ത്രിയായിരുന്ന കാലത്ത് ഞങ്ങൾ നേരിട്ട് കണ്ട് ഒരു ആവശ്യം മാത്രമാണ് മുന്നോട്ട് വച്ചത്. കേരളത്തിന് കെമിക്കൽ ഫാക്ടറികൾ വേണ്ട എന്ന്. അവർ അത് പരിഗണിച്ചില്ല. സുശീലാ ഗോപാലൻ മരിച്ചത് കാൻസർ വന്നിട്ടാണെന്നോർക്കണം.

കൃഷി മന്ത്രിയായിരുന്ന കാലത്ത് കൃഷ്ണൻ കണിയാംപറമ്പിലിനോട് ജൈവകൃഷി പ്രോത്സാഹിപ്പിക്കണമെന്ന് പറഞ്ഞു. എന്നാൽ ഇന്റൻസീവ് രാസകൃഷിക്കാരെ ക്ഷണിക്കുന്നതിനായി ഇസ്രയേലിലേക്ക് ആണ് അദ്ദേഹം ഉടൻ പോയത്. അദ്ദേഹവും കാൻസർ വന്നാണ് മരിച്ചതെന്നോർക്കണം.

**കേരളം ഇന്ത്യയിലെ തന്നെ മികച്ച റസിഡൻഷ്യൽ ഏരിയയാണെന്ന് താങ്കൾ പറഞ്ഞല്ലോ. അങ്ങനെയൊരു റസിഡൻഷ്യൽ ഏരിയയായി മാറുന്നത് പശ്ചിമഘട്ടത്തിന് ഭീഷണിയാകുന്നുണ്ടോ?**

മികച്ച ജീവിത സൗകര്യങ്ങൾ ഉണ്ട് എന്നതുകൊണ്ട് പശ്ചിമഘട്ടത്തിന് നാശം വരുന്ന തരത്തിലുള്ള റസിഡൻഷ്യൽ ഏരിയയായി നമുക്ക് മാറേണ്ടതില്ല. എത്രപേർക്ക് വേണമെങ്കിലും താമസിക്കാനുള്ള സൗകര്യം കേരളത്തിലുണ്ട്. പക്ഷെ ജീവിതശൈലി മാറണമെന്ന് മാത്രം. നിലനിൽപ്പില്ലാത്ത ജീവതശൈലി മാറണമെന്നതിനാണ് ജോൺ സി മാഷ് ഊന്നൽ നൽകിയിരുന്നത്. എന്നാൽ ജീവിതശൈലിയെക്കുറിച്ച് വേണ്ടത്ര ചർച്ചകൾ നമ്മളുടെ ഇടയിൽ പിന്നീടുണ്ടായില്ല. പരിസ്ഥിതി പ്രവർത്തനവും കൃഷിയും മാത്രമായി നമ്മൾ ചുരുങ്ങിപ്പോയി. നല്ല വീടുണ്ടാകണമെന്നത് എല്ലാവരുടെയും സ്വപ്നമാണ്. ഒരു നല്ല വീട് എങ്ങനെയാകണമെന്നും ആ വീട്ടിൽ എങ്ങനെ സന്തോഷത്തോടെ കഴിയാമെന്നും നമുക്ക് കാണിച്ചുകൊടുക്കാൻ കഴിയാതെ പോയി.